പഞ്ചായത്തുകൾക്കില്ല. വീടുകൾ നിർമ്മിക്കുന്നതിനും മറ്റും വിവിധ പദ്ധതികളുടെ കീഴിൽ ഗ്രാമപഞ്ചായത്തുകൾ ധനസഹായം നൽകിവരുന്നുണ്ട്. ദുരന്തനിവാരണം അനിവാര്യമായ ചുമതലയായി പഞ്ചായത്തിരാജ് ആക്ടിൽ ഉൾക്കൊള്ളിക്കാത്തതു കൊണ്ട് പ്രകൃതിക്ഷോഭങ്ങൾമൂലമുണ്ടാകുന്ന കൃഷി-പാർപ്പിട നാശത്തിന് അടിയന്തര ധനസഹായം അനുവദിക്കാൻ പഞ്ചായത്തുകൾക്ക് സാധിക്കുന്നില്ല. കാരണം, ഒരാക്ടിന്റെ വെളിച്ചത്തിലാണ് പഞ്ചായത്തുകൾ പ്രവർത്തിക്കുന്നത്, ആക്ടിന് വിരുദ്ധമായ നടപടികൾ എടുക്കാൻ പഞ്ചായത്തുകൾക്ക് ഇപ്പോഴത്തെ സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ട്.

26. ജീവനക്കാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത

12.17 PM]

ശ്രീ. ജോസ് തെറ്റയിൽ: സർ, എന്റെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാന കേന്ദ്രമായ അങ്കമാലിയിലുള്ള സി.എച്ച്.സി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് താലൂക്കാശുപത്രിയായി മാറ്റിയിട്ട് 5 വർഷം കഴിഞ്ഞു. സി.എച്ച്.സി.-ക്കു വേണ്ട പോസ്റ്റുപോലും അവിടെ വേക്കന്റായി കിടക്കുകയാണ്. 5 അസിസ്റ്റന്റ് സർജൻ വേണ്ട സ്ഥാനത്ത്, സി.എച്ച്.സി.-യുടെ കാൽക്കുലേഷൻവച്ച് നോക്കുമ്പോൾ 2 പേർ മാത്രമേയുള്ളൂ. അതിൽ ഒരാൾ ഇൻ-ചാർജ്ജാണ്. ഈ സ്ഥിതി പലപ്പോഴും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 വർഷം മുമ്പെടുത്ത നടപടിക്ക് ഇതുവരെയും തുടർനടപടി ഉണ്ടായിട്ടില്ല. 8 പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും ഉൾക്കൊള്ളുന്ന ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയാണ്. 5 വർഷം കഴിഞ്ഞിട്ടും യാതൊന്നും അവിടെ ചെയ്യുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ നടപടിയാണെന്ന് പറഞ്ഞ് മാറ്റിവയ്ക്കാതെ അടിയന്തരമായി താലൂക്കാശുപത്രിക്ക് വേണ്ട സ്റ്റാഫ് പാറ്റേൺ നിയോഗിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

12.18 PM]

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 7/2011-ൽ താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ട അങ്കമാലി താലൂക്കാശുപത്രിയുടെ നിലവിലുള്ള കിടക്കകളുടെ എണ്ണം 41 ആണ്. പ്രതിദിന ശരാശരി ഒ.പി. 355-ഉം, ഐ.പി. 15-ഉം ആണ്. ഈ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റിന്റെ 2 തസ്തികകൾ ഉൾപ്പെടെ 8 ഡോക്ടർമാരുടേയും എൻ.എച്ച്.എം.

LIBRARY ARCHIVES Kerala Legislative Assembly

മുഖേന 4 ഡോക്ടർമാരുടേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകളൊന്നും നിലവിലില്ല. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചും ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലില്ല. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും ഈ ആശുപത്രിയിലുണ്ട്. താലൂക്കാശുപത്രിക്ക് 100 കിടക്കകളാണ് വേണ്ടത്. അങ്കമാലി താലൂക്കാശുപത്രിക്ക് ആവശ്യമായ അധീക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഇത് ഗവൺമെന്റിന് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കാഷ്വാലിറ്റി ഇല്ലാത്ത താലൂക്കാശുപത്രികളിൽ കാഷ്വാലിറ്റി ഡോക്ടർമാർ ഉൾപ്പെടെയുള്ളവരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുമ്പാകെയുണ്ട്, അത് വരുമ്പോൾ തീർച്ചയായും അങ്കമാലി താലൂക്കാശുപത്രിക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

27. രോഗികൾ നേരിടുന്ന ബുദ്ധിമുട്ട്

12.20 PM]

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ ദയനീയ സ്ഥിതിയെക്കുറിച്ചാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 540-ാളം കിടക്കകളുള്ള ആശുപത്രിയാണിത്. ധാരാളം ആളുകൾ ആശ്രയിക്കുന്ന ഒരു സ്ഥാപനമാണത്. ഇപ്പോൾ ഐ.പി.-യിൽ വരുന്ന രോഗികളുടെ ശരാശരി എണ്ണം 250 ആണ്. കഴിഞ്ഞ കുറെ മാസങ്ങളായി ഡോക്ടർമാരുടെ കുറവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് ഐ.പി.-യിൽ രോഗികളുടെ എണ്ണം കുറയുന്നതിന് ഇടയാക്കിയിട്ടുള്ളത്. അനസ്തേഷ്യ വിഭാഗത്തിൽ മാസങ്ങളായി ഡോക്ടർമാരില്ലാത്തതിനാൽ എല്ലാ ഡിപ്പാർട്ടുമെന്റുകളിലേയും സർജറി മാസങ്ങളായി മുടങ്ങിക്കിടക്കുകയാണ്. ഓർത്തോ, ഇ.എൻ.റ്റി., ഒഫ്താൽമോളജി, ഗൈനക്കോളജി തുടങ്ങിയ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും സർജറിയുടെപ്രശ്നംവരുമ്പോൾ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യേണ്ട സാഹചര്യമാണുള്ളത്. ഡെർമറ്റോളജി ഡിപ്പാർട്ടുമെന്റ് ഏതാണ്ട് പൂട്ടിയ മട്ടാണ്. പ്രസ്തുത വിഭാഗത്തിലുള്ള ഒരു ഡോക്ടർ റിട്ടയർ ചെയ്തുപോകുകയും മറ്റൊരു ഡോക്ടർ ലീവെടുത്ത് പോയതിനാലും ഇപ്പോൾ ആ വിഭാഗം പ്രവർത്തനസജ്ജമല്ല. അദ്ദേഹം ഇപ്പോൾ ലീവ് കഴിഞ്ഞ് വന്നോയെന്ന് അറിയില്ല. അതുപോലെ ഗ്രേഡ്-II നഴ്സുമാരുടെ മൂപ്പതോളം വേക്കൻസി അവിടെയുണ്ട്. ഇക്കാര്യങ്ങൾക്കൊക്കെ ഒരു പരിഹാരമുണ്ടായാൽമാത്രമേ സാധാരണക്കാരും

LIBRARY ARCHIVES Kerala Legislative Assembly